ഉത്തരം

(എ) ആസ്റ്റിൻ ദേവരാജിന്റെ മരണം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത പൊഴിയൂർ PS Crime No.126/90 (സി.ബി.സി.ഐ.ഡി. ക്രൈം 348/CR/04) 3-12-2005-ൽ പുനരന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടില്ല. എന്നാൽ ഈ കേസ് സി. ബി. ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുവേണ്ടി 4-1-2006-ൽ 62576/M3/05/ആഭ്യന്തരം നമ്പർ കത്തു പ്രകാരം കേന്ദ്ര ഗവൺമെന്റിനോട അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

(ബി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) സി.ബി.ഐ.-യിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി) 17-12-2003-ൽ ആസ്റ്റിൻ ദേവരാജിന്റെ വിധവ ശ്രീമതി രാജമ്മ നിയമസഭാ സമിതിക്ക് സമർപ്പിച്ച പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി തിരുവനന്തപുരം റൂറൽ പോലീസ് സൂപ്രണ്ട് അന്വേഷണത്തിനായി 17-2-2004-ൽ അയച്ചതിൻമേൽ ഡിവൈ.എസ്.പി. നടത്തിയ വ്യക്തിഗത അന്വേഷണത്തിൽ സി.ഡി. ഫയൽ ആരും മനഃപൂർവ്വം മാറ്റിയതല്ല എന്ന് അറിയാൻ കഴിഞ്ഞിട്ടുള്ളതും ടി ഫയൽ റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുള്ളതുമാണ്.

(ഇ) വിജിലൻസ് അന്വേഷണത്തിന് ഉത്തരവായി. ആരോപണം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

കള്ള പ്രമാണം ചമച്ചവർക്കെതിരെ വിജിലൻസ് അന്വേഷണം

73 [793] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവടിയാർ കൊട്ടാരത്തിലെ ഗൗരി പാർവ്വതി ഭായി തമ്പുരാട്ടി വിറ്റ സ്ഥലം (സർവ്വേ നമ്പർ 184) മറ്റാരെങ്കിലും കൈയടക്കാൻ കള്ള ആധാരം ചമച്ചതിനെ കുറിച്ച് വിജിലൻസ് അന്വേഷണം തുടങ്ങിയിട്ടുണ്ടോ;

(ബി) ഈ അന്വേഷണം ഏത് ഘട്ടം വരെയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതിലെ പ്രതികൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത 184 സർവ്വേയിൽ കള്ള പ്രമാണം ചെയ്ത ആൾക്കാരുടെ പക്കൽ നിന്നും കള്ള ആധാരങ്ങൾ പിടിച്ചെടുത്തിട്ടുണ്ടോ;

(ഇ) കള്ള പ്രമാണങ്ങൾ ചെയ്തവർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സർവ്വേ ഡിപ്പാർട്ടുമെന്റിൽ നിന്നും പെൻഷൻ ആയ ആരെങ്കിലും ഇതിൽ പ്രതിയായിട്ടുണ്ടോ; എങ്കിൽ ആരെന്ന് വെളിപ്പെടുത്തുമോ;

(ജി) അന്വേഷണം പൂർത്തിയായിട്ടുണ്ടെങ്കിൽ കേസ് ഉടനെ ചാർജ് ചെയ്യുമോ;

(എച്ച്) ഈ ഭൂമിയുടെ ശരിയായ അവകാശി ആരെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & എച്ച്) വിജിലൻസ് അന്വേഷണം പ്രാരംഭ ഘട്ടത്തിലായതിനാൽ ആയത് പൂർത്തിയായാൽ മാത്രമേ കൂടുതൽ വിശദാംശം വെളിപ്പെടുത്തുവാൻ നിർവ്വാഹമുള്ളൂ.

കെ. എ. പി. മൂന്നാം ബറ്റാലിയനിലെ നിയമനം

74 [795] ശ്രീ. എ. എ. അസീസ്:
„ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എ. പി. മൂന്നാം ബറ്റാലിയൻ വഴി 1998 മുതൽ സംസ്ഥാനത്ത് എത്ര പേർക്ക് നിയമനം നൽകി;

(ബി) ഇതിൽ കൊല്ലം ജില്ലയിൽ എത്ര പേർക്കാണ് നിയമനം ലഭിച്ചത്;

(സി) അന്യ ജില്ലകളിൽനിന്നും എത്രപേരെയാണ് കൊല്ലം ജില്ലയിൽ നിയമിച്ചത്;

(ഡി) നിലവിലുള്ള മാനദണ്ഡം അനുസരിച്ചാണോ നിയമനം നടത്തിയത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3035 പേർക്ക് നിയമനം നൽകി.

(ബി) 501 പേർക്ക്.

(സി) ജില്ലാ സായുധ സേനയിലേക്ക് ജില്ലാന്തര സ്ഥലംമാറ്റം വഴി 28 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള മാനദണ്ഡം അനുസരിച്ചാണ് ജില്ലാന്തര മാറ്റം നടത്തിയിട്ടുള്ളത്.

വീടിനുള്ളിൽ ഉറങ്ങിക്കിടന്നവർ കൊല്ലപ്പെട്ട സംഭവം

75 [796] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വീട്ടിൽ ഉറങ്ങിക്കിടക്കുന്നവരെ തലയ്ക്ക് അടിച്ചും വെട്ടിയും കൊലപ്പെടുത്തുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2001 മുതൽ ഇതുവരെ ഇപ്രകാരം എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഈ സംഭവങ്ങളുടെ അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) ഇങ്ങനെയുള്ള കൊലപാതകങ്ങളുടെ സമഗ്ര അന്വേഷണത്തിന് ബന്ധപ്പെട്ട എല്ലാ കേസുകളും സി. ബി. ഐ.-ക്ക് വിടുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly